# <u>മൊബൈൽ ഫോൺ മോഷ്ടാവ് പിടിയിൽ</u>

ആലുവയിൽ മൊബൈൽ ഫോൺ മോഷ്ടാവ് പിടിയിൽ. എറണാകുളത്തെ സ്വകാര്യ ഹോട്ടൽ ജീവനക്കാരായ ഇതര സംസ്ഥാന തൊഴിലാളികളുടെ മൊബൈൽ ഫോൺ മോഷ്ടിച്ച ആസാം സ്വദേശിയായ ജ്യോതിസ് ഡാങ്ക് ആണ് ആലുവ പോലീസിൻെറ പിടിയിലായത്.

എറണാകുളത്തെ സ്വകാര്യ ഹോട്ടൽ ജീവനക്കാർ താമസിച്ചിരുന്ന റൂമിൽ നിന്നും അവർ ഉറങ്ങിക്കിടന്ന സമയത്താണ് ഇയാൾ വിലപിടിച്ച രണ്ട് മൊബൈൽ ഫോണുകൾ മോഷ്ടിച്ചത്. സംശയാസ്പദമായ സാഹചര്യത്തിൽ ആലുവ റയിൽവേ സ്റ്റേഷൻ കോംമ്പൗണ്ടിലുള്ള എസ് ബി ഐ എ ടി എം ൻെറ സമീപത്ത് കാണപ്പെട്ട ഇയാളെ ആലുവ എസ് ഐ ഫൈസലും പാർട്ടിയും ചോദ്യം ചെയ്തതിൽ നിന്നുമാണ് മോഷണത്തെപ്പറ്റി അറിയാൻ സാധിച്ചത്.

ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്നിടങ്ങളിൽ നിന്നും സമാന രീതിയിലുള്ള നിരവധി മോഷണക്കേസുകളിൽ ഇയാൾ പ്രതിയാണ്. അന്വേഷണ സംഘത്തിൽ ആലുവ SHO യെ കൂടാതെ അഡീ. എസ് ഐ അബ്ദുൾ കാദർ എ എസ് ഐ ബിനോയി സി പി ഒ മാരായ നവാബ്, ഷമീർ, എന്നിവരും ഉണ്ടായിരുന്നു.

